# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 8

# വാർത്താക്കുറിപ്പ്

**<u>എം.ജി. വോളിബോൾ ടീമിന് ഹൃദ്യമായ സ്വീകരണം വാർത്തയിൽ തിരുത്തും കൂട്ടിച്ചേർക്കലുമുണ്ട്. ദയവായി ഇത് ഉപയോഗിക്കുക.</u>**

**<u>ദേശീയ അന്തർസർവകലാശാല വോളിബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാംസ്ഥാനം</u>**

## <u>എം.ജി. വോളിബോൾ ടീമിന് ഹൃദ്യമായ സ്വീകരണം</u>

ദേശീയ അന്തർസർവകലാശാല വോളിബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയ മഹാത്മാഗാന്ധി സർവകലാശാല വോളിബോൾ ടീമിന് ഹൃദ്യമായ വരവേൽപ്പ്. കോട്ടയം റെയിൽവേ സ്റ്റേഷനിൽ പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ ചേർന്ന് സ്വീകരിച്ചു.

കോച്ച് എസ്. മനോജ്, അസിസ്റ്റന്റ് കോച്ച് ആശിഷ് ജോസഫ്, ടീം ക്യാപ്റ്റൻ ജോർജ് ആന്റണി, ടീം മാനേജർ ഡോ. ബെന്നി കുര്യാക്കോസ്, ഡോ. സുമ ജോസഫ്, മനോജ് മാത്യു, ടീമംഗങ്ങളായ റിതുരാജ്, സി.എസ്. ബേസിൽ, സി.കെ. അഭിഷേക്, രാഖേൽ കിഷോർ, റ്റി. ഷിബിൻ(സെന്റ് തോമസ് കോളജ് പാല), മുഹമ്മദ് സുഹൈൽ, വിവേക് കൃഷ്ണ, അസീം(എം.എ. കോളജ് കോതമംഗലം), എസ്. ജിഷ്ണു, മിഷാബ് (സെന്റ് പീറ്റേഴ്സ് കോളജ് കോലഞ്ചേരി), ആൽബിൻ ബേബി(എസ്.എച്ച്. കോളജ് തേവര) എന്നിവർ സന്നിഹിതരായിരുന്നു. ഭുവനേശ്വർ കെ.ഐ.ഐ.ടിയിൽ നടന്ന ചാമ്പ്യൻഷിപ്പിലെ ലൂസേഴ്സ് ഫൈനലിൽ കാലിക്കറ്റ്

സർവകലാശാലയെ എതിരില്ലാത്ത മൂന്നു സെറ്റുകൾക്ക് തോൽപിച്ചാണ് എം.ജി. മൂന്നാംസ്ഥാനം സ്വന്തമാക്കിയത്.

## ഫോട്ടോ കാപ്ഷൻ

**ദേശീയ അന്തർസർവകലാശാല വോളിബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയ മഹാത്മാഗാന്ധി സർവകലാശാല വോളിബോൾ ടീമിനെ കോട്ടയം റെയിൽവേ സ്റ്റേഷനിൽ പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ് എന്നിവർ ചേർന്ന് സ്വീകരിച്ചപ്പോൾ.**

(പി.ആർ.ഒ/39/47/2020)

## REPETED NEWS (07.01.2019)

## ദേശീയ അന്തർ സർവകലാശാല അത്‌ലറ്റിക് മീറ്റ്; എം.ജി. കായിക ടീമിന് ഊഷ്മള വരവേൽപ്പ്

ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിന് കോട്ടയത്ത് ഊഷ്മള വരവേൽപ്പ്.

കോട്ടയം റെയിൽവേ സ്റ്റേഷനിൽ കായികതാരങ്ങളെയും ടീം മാനേജർമാരെയും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ ചേർന്ന് മധുരവും പൂച്ചെണ്ടും നൽകി സ്വീകരിച്ചു. ടീം മാനേജർമാരായ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ശോശാമ്മ ജോൺ, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജിമ്മി ജോസഫ്, ടീം വനിത ക്യാപ്റ്റനായ അസംപ്ഷൻ കോളേജിലെ അഞ്ജലി ജോസ്, പുരുഷവിഭാഗം ക്യാപ്റ്റനായ കോതമംഗലം എം.എ. കോളേജിലെ അമൽ ജോസ്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു. കായികതാരങ്ങളുടെ നേട്ടത്തിൽ സർവകലാശാല അഭിമാനിക്കുന്നതായും കായിക വിദ്യാർഥികൾക്ക് എല്ലാ പ്രോത്സാഹനവും നൽകുമെന്നും വൈസ് ചാൻസലർ പറഞ്ഞു.

80 പോയന്റ് നേടിയാണ് എം.ജി. മൂന്നാം സ്ഥാനം കരസ്ഥമാക്കിയത്. 47 പോയന്റ് നേടി വനിതാ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തെത്തി.

## ഫോട്ടോ ക്യാപ്ഷൻ

ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിനെ കോട്ടയം റെയിൽവേ സ്റ്റേഷനിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു. ടീം മാനേജർമാരായ ഡോ. ജിമ്മി ജോസഫ്, ഡോ. ശോശാമ്മ ജോൺ,  സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, ടീം അംഗങ്ങൾ എന്നിവർ സമീപം

ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിന് കോട്ടയം റെയിൽവേ സ്റ്റേഷനിൽ നൽകിയ സ്വീകരണത്തിൽ ടീമംഗങ്ങൾക്ക് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മധുരം നൽകുന്നു. ടീം മാനേജർമാരായ ഡോ. ജിമ്മി ജോസഫ്, ഡോ. ശോശാമ്മ ജോൺ,  പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, ടീം അംഗങ്ങൾ എന്നിവർ സമീപം

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ